
കാഞ്ഞങ്ങാട് നഗരസഭ
ഗവ: ഹയർ സെക്കൻഡറി സ്കൂൾ, ബല്ലാ ഈസ്റ്റ്, ചെമ്മട്ടംവയൽ
ESTD:1946
GOVT. H.S.S BALLA EAST
A digital Magazine
GHSS Balla East 2020
സ്പന്ദനം
little KITEs




# OUR SCHOOL

GHSS BALLA EAST

BALLA PO-671531

Ph.No.0467-2208848

# Our Little Kites



## ഉള്ളടക്കം


**Page 5** ആശംസ ഹെഡ്മാസ്റ്റർ

**Page 6** ആശംസ **PTA president**

**paage 7** കവിത ആദിത്യൻ ആർ 10B

**page 8** കഥ **Vigneshwar kormath 10b**

**page 10** കഥ കീർത്തിരാജ് **9b**

**page 12** ഉപന്യാസം സ്വാതി വി 10A

page 134 കവിത Shivanand K B 10B

page 156 കവിത Chinmayi baburaj 5B

page 17 കവിത Sravan Raj 10A

page 18 കവിത കീർത്തിരാജ് 9B

page 19 ലേഖനം ആനന്ദൻ മാസ്റ്റർ

# Our Headmaster

**ആശംസകളോടെ.........**



പ്രിയപ്പെട്ട കുട്ടികളേ ,

ഇത് ഹൈടെക് യുഗം - വിവരസാങ്കേതിക വിദ്യ വിവിധ സാധ്യതകൾ പകർന്നു തരുന്ന ലോകം - ഇവിടെ നിങ്ങൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് ചിലത് ചെയ്യാനുണ്ട്. വിരൽ തുമ്പിൽ പ്രപഞ്ചവിസ്മയം തീർക്കുമ്പോൾ പുലർന്നു വരേണ്ടത് നന്മയും സ്നേഹവുമായിരിക്കണം. അതിലേക്ക് നയിക്കുന്ന അറിവുകളുടെ ജൈത്രയാത്രയിൽ ഈ സദുദ്യമത്തിന് - ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീ. ഭാസ്കരൻ. വി.വി

**ഹെഡ്മാസ്റ്റർ**



ബല്ല ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടുകൾ തയ്യാറാക്കുന്ന സ്പന്ദനം ഡിജിറ്റൽ മാഗസിൻ വിദ്യാലയത്തിന് ഒരു മുതൽക്കൂട്ടാകട്ടെ എന്ന് ആശംസിക്കുന്നു.

അഡ്വ: ശ്രീ . വേണുഗോപാൽ

പി റ്റി എ പ്രസിഡന്റ്

കവിത

# ബാല്യ വീഥി

അമ്മ മാറത്തു പറ്റിക്കിടന്നതും
അംഗൻവാടിതൻ മതിലിൽ പുറത്തമ്മ
കാത്തുനിന്നതും മാത്രം എൻ
ചിന്തയിൽ ബാല്യം...
ഗൃഹപാഠം പഠിച്ച കഴിഞ്ഞു ഞാൻ
വിജയ പടവുകൾ ചവിട്ടി നീങ്ങവെ
ലഹരിതൻ കഴുകൻെറ കണ്ണുകളിൽ
ഞാൻ ചെന്നുവീണതും.
പൂക്കൾ മണം രസിച്ച വളർന്നതും
കഴിവുകൾ മതിമറന്നു കുടിച്ചമർന്നാടി
യതും അമ്മതൻ വേർപാട് ഞാൻ
അറിയാതെ പോയതും...
ഒരിറ്റു ബാക്കിയായ ജലവും ഞാൻ
മദ്യകലർപ്പിൽ ചേർത്തിളക്കി.
ഇനി യില്ല ഒരിറ്റു ജലവും ഇനി
യില്ല എൻ കഴിവും.
ദുഷിച്ച ചിന്തകൾ വൈദ്യുതവീചികൾ പോൽ
എൻ മനസ്സാകെ ഒരു സർപ്പമായി ഇഴഞ്ഞുനീങ്ങി.
കഴുകൻ തൻ കൊക്കുകൾ എൻകണ്ണുകൾ കൊത്തി
പ്പറിച്ചുകൊണ്ടിരുന്നു.
ഇനിയില്ല കസ്തൂരി തൻ പരിമളം
ഇനിയില്ല വാർമഴവില്ലിൻ വർണങ്ങളും
ജീവിതം കഴിഞ്ഞു പോകയായി,നാലു
ചുമരുകൾക്കുള്ളിലായ് ഞാൻ.
ഈ ജീവിതയാത്രയിൽ കണ്ടില്ല ഞാൻ
എൻെറ ബാല്യം, യാതൊരു
ഓർമ്മകളും ഇല്ലാതെ ഞാൻ
പുഴുക്കൾക്ക് ഇരയായി മാറി...
ബാല്യം എന്ന രണ്ട് വാക്കുകൾ ഞാൻ
പാടെ മറന്നു പോയി...

ആദിത്യൻ ആർ
10B

കഥ

# അലിഞ്ഞുതീർന്നജീവിതമിഠായി

കോരിച്ചൊരിയുന്ന മഴ.ഉച്ചയോടടുത്ത സമയത്ത് പാതിചിതലരിച്ച വീട്ടിനു മുമ്പിൽ ഒരു വണ്ടി വന്നു നിന്നു. അതിൽ നിന്നും അവശനായ ഒരു വ്യക്തി പുറത്തേക്ക് ഇറങ്ങി.രാജീവൻ. വിളറി വെളുത്ത മുഖം. നീണ്ട താടി.അയാൾ തന്റെ വീട്ടിലേക്ക് നോക്കി. വീട്ടിന്റെ മുറ്റത്ത് പുല്ല് മുളച്ചിരിക്കുന്നു. എന്നും അമ്മ ചാണകം മെഴുകാറുള്ള തുളസിത്തറ ഇന്ന് അലങ്കോലമായി കിടക്കുന്നു.ഓരോന്ന് കാണുമ്പോഴും ഓർമ്മകൾ അയാളുടെ മനസ്സിൽ തളംകെട്ടി നിന്നു. ആ നാലുകെട്ടു വീട്ടിനുള്ളിൽ അലയടിച്ച സന്തോഷം നിരാശയുടെ ചെറുദീപമായി മാറിയിരിക്കുന്നു. ആളൊഴിഞ്ഞ തീരമായി അതുമാറി. അമ്മയുടെ ശകാരങ്ങൾ മാഞ്ഞുപോയി. അമ്മയും ജീവിതപാതയിൽ എവിടെ വച്ചോ അകന്നു പോയി. അയാൾ തന്റെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കി. അമ്മയുടെ മടിയിലും അച്ഛന്റെ കൈയിലും പിടിച്ച് നടന്ന കാലം. അനുജനോട് വീറ് കാട്ടിയും ഏട്ടനോട് കെഞ്ചിക്കരഞ്ഞും ആഗ്രഹങ്ങൾ സാധിച്ചെടുത്ത കാലം. സ്കൂളിന് മുന്നിൽ കൂട്ടുകാരോടൊത്ത് മിഠായി നുണഞ്ഞത് ഓർത്തുപോകുന്നു.അന്നത്തെ ആ മിഠായിക്ക് ഇന്നത്തെ ജീവിതത്തേക്കാൾ മധുരമുണ്ടായിരുന്നു.സ്കൂൾ കഴിഞ്ഞു.മുതിർന്ന കുട്ടിയായി **വീകഥ**റും വാശിയും വർധിച്ചു.വിപ്ലവം സിരകളിലൂടെ ഒഴുകി.ആരെയും എന്തും ചെയ്യാനുള്ള ചങ്കൂറ്റമായി.അമ്മയുടെയും അച്ഛന്റെയും വാക്കുകൾക്ക് വില നൽകിയില്ല.എല്ലാം തട്ടിതെറിപ്പിച്ചു. അവസാനം വിവാഹം കഴിപ്പിച്ചു. തളിര്. അതെ. അവൾ അയാളുടെ ജീവിതത്തിലെ ഒരു തളിരായിരുന്നു. അയാളെ അവൾ തിരിച്ചു കൊണ്ടുവന്നു. അവസാനം ഒരു സുഹൃത്തിന്റെ കൈയിൽ നിന്നും ലഹരി എന്ന മധുരമിഠായി രാജീവനും കിട്ടി. ജീവിതത്തിലെ പ്രയാസങ്ങളെ മറക്കാനുള്ള ഒരു കവാടമായി അത് മാറി. ലഹരിയുടെ ആ മായാലോകത്തിൽ തന്നോട് തട്ടികയറിയ ഒരു സുഹൃത്തിനെ കുത്തികൊന്നു. ഒന്നും മനപൂർവ്വമായിരുന്നില്ല. ഒരു കൈയബദ്ധം. ആപ്പോൾ ചെവിലെവിടെയോ ഭാര്യയുടെയും അമ്മയുടെയും നിലവിളിയുയർന്നു. പോലീസുകാരുടെ കഠിനമർദ്ധനം ഒരു ശബ്ദമായി ചെവിയിൽ മുരളുന്നുണ്ടായിരുന്നു. പിറ്റേന്ന് ലഹരിയുടെ കെട്ട് വിട്ടപ്പോഴാണ് എല്ലാം മനസ്സിലായത് അഴികൾക്കുള്ളിൽ നിന്നും താൻ ഒരുപാട് കരഞ്ഞു. വെറുതെ വിടാൻ

കേണപേക്ഷിച്ചു.ആരും കേട്ടില്ല. ആകെ കേട്ടത് ഒന്നുമാത്രം. ചില ചീത്തപറയലും, കുറ്റപ്പെടുത്തലും, ആക്രോശവും. കഠിനതടവറയിൽ കഴിഞ്ഞപ്പോൾ പൊലിഞ്ഞത് ജീവിതത്തിൻെറ പകുതിഭാഗം. ലഹരികിട്ടാതായപ്പോൾ ഞാൻ അലറികരഞ്ഞു.സ്വയം കടിച്ചുകീറി. അതിൻെറ കൈയിൽ നിന്നും അവസാനം രക്ഷപ്പെട്ടു.അഴികൾക്കുള്ളിൽ നിന്നും മോചിക്കപ്പെട്ടപ്പോൾ താൻ തിരഞ്ഞെടുത്തത് സന്ന്യാസം.അതിൽ നിന്നും ഒരുപാട് ആനന്ദം ലഭിച്ചു. അതിനിടയ്ക്ക് എപ്പോഴോ മകൻെറ വിയോഗത്തിൽ നെഞ്ച് നീറി മരിച്ച അമ്മയുടെ വിവരം അറിഞ്ഞു. താൻ അപ്പോഴും നാട്ടിലേക്ക് വന്നില്ല. സ്വത്തിൻെറ പേരിൽ വഴക്കടിച്ച് എല്ലാവരും പിരിഞ്ഞു. അന്ന് സന്തോഷം അലയടിച്ച സ്നേഹം തുളുമ്പിയ വീട്ടിനു മുന്നിൽ ഇന്ന് ഞാൻ എത്തിയപ്പോൾ എനിക്കുവേണ്ടി ഒന്നുമില്ലായിരുന്നു. എനിക്ക് സ്നേഹം തന്ന സ്നേഹദീപത്തെ ഞാൻ അന്നു വെറുത്തു. ഇന്ന് ആ സ്നേഹത്തിന് വേണ്ടി ഞാൻ ഓടിയെത്തിയപ്പോഴേക്കും കാലം മാറി, ഋതുക്കളും മാറി. അന്ന് വീടിൻെറ വെളിച്ചമായ സ്നേഹമാകുന്ന അമ്മയെന്ന നറുദീപം ഇന്ന് കെട്ടു. അമ്മ കെട്ടി പടുത്തുയർത്തിയ മാല മുത്തുകൾ അമ്മ പോയതോടെ പൊട്ടിചിതറി. ജീവിതം മധുരമില്ലാതായി. അമ്മയെ ധിക്കരിച്ച ഞാൻ ഇന്ന് അമ്മയുറങ്ങുന്ന ആറടി മണ്ണിനുമുന്നിൽ തിരിച്ചെത്തി. അപ്പോഴും ജീവിതം മധുരമില്ലാത്ത മിഠായിയായി പലരും വലിച്ചെറിഞ്ഞ് അവിടെയും ഇവിടെയും തട്ടിമുട്ടി അലിഞ്ഞ് ഇല്ലാതായി കൊണ്ടിരുന്നു.

Vigneshwar kormath
10b

കഥ കർക്കിടകത്തിലെ വിട വാങ്ങൽ

മഴ തോരുന്നതേയില്ല. ബാൽക്കണിയിൽ നിന്നും കനി പുറത്തേക്കിറങ്ങി. ഒന്നു കൈ നീട്ടിയാൽ വേദനിക്കുന്നതരം മഴ ശക്തിയായി പെയ്യുകയാണ്. തൻെറ ജീവിതവും ആർക്കോ വേണ്ടി ഉള്ളതാകുന്നു. പുറകിൽ നിന്നും ഒരു ബൈക്കിൻെറ ശബ്ദം. ആ ശബ്ദം ഇതിനു മുമ്പും കേട്ടിട്ടിട്ടുണ്ട്. പൊടുന്നനേ കനിയേ ഒന്നു ചുറ്റി ആ ബൈക്ക് രാവണൻെറ പുഷ്പക വിമാനംപോൽ അവിടെ നിന്നു. ‘ഹേയ്, കനി ഇത് മൂന്നാമത്തെ മാസമാ. ഇതു വരെയുള്ള വീടിൻെറ വാടക ഇന്ന് ഉച്ചയ്ക്കുള്ളിൽ തരണം.’കനി വേദനയോടെ പറഞ്ഞു.'ചേട്ടാ, ഈ മാസവും കൂടി?.."ഒന്നും പറയണ്ട,അല്ലെങ്കിൽ ഞാൻ....’ആ ചോദ്യവും ആ നോട്ടവും കനിയ്ക്ക് ഇഷ്ടപ്പെട്ടില്ല. അവൾ മഴയത്ത് ആ നനഞ്ഞ തെരുവിലൂടെ ഏകാകിയായി നടന്നു. ചില ഓർമ്മകൾ അവളെ വന്ന് മൂടി. ഒരു പക്ഷേ,ജീവിതത്തിൽ അവൾ ഏറെ സ്നേഹിച്ചത് സ്വന്തം അച്ഛനെയാണ്.രാപ്പകൽ എന്നില്ലാതെ കഷ്ടപ്പെട്ട് അധ്വാനിച്ച് തന്നെ പോറ്റിയ അച്ഛനെ.എന്നാൽ,കനിയുടെ വിശ്വാസങ്ങളും ബഹുമാനവും അഭിമാനവും തകർന്നത് ഇതുപോലൊരു മഴയത്താണ്. അന്ന് കർക്കിടകമാസമായിരുന്നു. കനി വീട്ടിൽ തനിച്ച്. ഇന്ന് അവളുടെ അമ്മയുടെ ബലിദിനമായിരുന്നു.അച്ഛൻ ചടങ്ങും കഴിഞ്ഞ് പാടത്ത് പോയിട്ട് നേരം വൈകുന്നേരമായി. ഒരണയ്ക്ക് വാങ്ങിയ മിഠായി മാത്രം അവളുടെ കൈയിൽ ഉണ്ട്. പുറത്ത് ആരോ വന്നു. 'ചേച്ചി, ഇതു ഞാനാ അമ്മിണി.’'എന്താ അമ്മിണി? വല്ലതും വേണോ? "എൻെറ ചേച്ചി, എൻെറ കുഞ്ഞ് വിശന്നിരിക്കുവാ,വല്ലതും ഉണ്ടോ?"എൻെറ കൈയിൽ ആകെ ഉള്ളത് ഒരു മിഠായിയാണ്."അതു മതി. എന്നാൽ നീ ഇത് കൊണ്ട്പോയിക്കോ.’’ അച്ഛൻ വന്നില്ലേ,കനി?"ഇല്ല.”കനി വാതിലടച്ചു.വിശന്ന് വയറ് കാളുന്നുണ്ട്,എങ്കിലും അച്ഛനിൽ നിന്നുംഅത് മറച്ച് പിടിക്കാൻ അവൾ പ്രയാസപ്പെട്ടു.മഴ തോർന്നു തുടങ്ങി.ഇന്നും പതിവു പോലെ അച്ഛൻ വൈകി.അച്ഛൻ:"മോളെ കനി ഇതാ"കനി ആർത്തിയോടെ ഓടി വന്നു.”എന്താ അച്ഛാ ഇത്!”കുറച്ച് നാരങ്ങ മിഠായി.ശങ്കരൻെറ കടയിൽനിന്നും വാങ്ങിയതാ.നീ ഇത് കഴിച്ചോ".എങ്ങനെ കിട്ടി,എന്ന് അവൾക്ക് മനസ്സിലായി. കനി കഴിക്കുകയും ചെയ്തു.ആ ദിവസം ഒരു ദീർഘനിശ്വാസം പോലെ കടന്നു പോയി.പുതിയ പുലരിയുടെ കിരണത്തോടെ അവൾ ഉണർന്നു.അച്ഛൻ നേരത്തേ പോയി.ഒരു കടലാസ് പൊതി തിണ്ണയിൽവച്ചിട്ടുണ്ട്.അത് നാരങ്ങാമിഠായിയാണ്. പിന്നെ കഴിക്കാം.ഇന്നലെ

അച്ഛൻ പറഞ്ഞു.'കനി,ഇന്നൊരാള് നിന്നെ കാണാൻ വരും.'അതിനു വേണ്ട ഒരുക്കങ്ങൾ കനി തുടങ്ങി.മുറ്റത്ത് തിണ്ണയിൽ അച്ഛനും ഒരു തമിഴനും. തമിഴന്റെ വേഷം ഒരു ചുവപ്പ് ഷർട്ട്,മുണ്ട്, കഴുത്തിൽ പള പള മിന്നുന്ന വലിയ ഒരു മാല. അവൾ ഉണ്ണാനൊരുക്കി വച്ചു. അവൾക്ക് തീരെ അയാളെ ഇഷ്ടപ്പെട്ടില്ല. ഒരു കാണ്ടാമൃഗം. 'അയാൾ ചോദിച്ചു എത്ര തരണം നിങ്ങൾക്ക് ?' അച്ഛൻ പറഞ്ഞു.' നൂറുരൂപയ്ക്ക് തരാം.' ' നൂറ് രൂപ. ഞാൻ സമ്മതിച്ചു. ഇവളെ സേലത്തേക്ക് കൊണ്ടുപോകാനാ എന്റെ പ്ലാൻ.' അച്ഛൻ പറഞ്ഞു.'നിങ്ങടെ ഇഷ്ടം.'വാതിലിനു മറവിൽ നിന്ന കനി ആകെ ഞെട്ടി. തന്നെ വിൽക്കാൻ പോവുകയാ.അതും നൂറു രൂപയ്ക്ക്. പിന്നിലെ അമ്മിണി വന്നു പറഞ്ഞു.'നീ രക്ഷപ്പെട്ടോ,നീ ഒരു പാവമാ....നിന്റെ അച്ഛൻ ശരിയില്ല കനി....'അമ്മിണി വിറക്കുന്നുണ്ടായിരുന്നു.അവൾ തുടർന്നു.'നിന്റെ അച്ഛന് നാലു ഭാര്യമാരുണ്ട്....നീ പോ....' അവൾ തരിച്ചു നിന്നു പോയി.ഇടവഴിയിലൂടെ നടക്കാൻ അവൾ തീരുമാനിച്ചു.തിണ്ണയിൽ ആ നാരങ്ങാപൊതി.മധുരിക്കാത്ത മിഠായികൾ.വേദനയുടെ മിഠായിപ്പൊതി.കനത്ത ശബ്ദത്തിൽ ഒരു ഇടിമുഴക്കം.കനി ഓർമ്മയിൽ നിന്നും ഞെട്ടി ഉണർന്നു.തൊട്ടരികിൽ ഒരു കച്ചവടക്കാരൻ,നാരങ്ങാമിഠായികൾ വിൽക്കുന്നു.ഒരു നാൾ മധുരമേറിയതും ഇന്ന് കയ്പ്പേറിയതുമായ മിഠായി. അവൾ കച്ചവടക്കാരനെ നോക്കിയതേയില്ല.കാരണം,അത് അവളുടെ അച്ഛനാണ്....അവൾ നടന്നു. ജീവിതം ഒരു പുഴപോലെ. അവൾ ഒഴുകി ഏകാന്തതയിലേക്ക് നീങ്ങുന്നു. മധുരമില്ലാത്ത മിഠായികൾ...

**കീർത്തിരാജ്**

**9b**

# ഉപന്യാസം

മാറ്റങ്ങളും വ്യതിയാനങ്ങളും ആരും ആഗ്രഹിക്കുന്നവയാണ്. അവയോടൊപ്പം ഓരോരുത്തരോടൊപ്പവും മാറുന്നതും അതിനോടനുബന്ധിച്ച് വലിയ മാറ്റങ്ങളും. ആരോഗ്യമാണ് ഒരാളിലെ മുഖ്യമായ ഘടകം അഥവാ അതാണ് ഓരോരുത്തരിലെയും മുഖ്യമായ ധനം എന്ന് നമുക്ക് നമ്മുടെ പൂർവികൻമാർ ഓതിത്തന്നിട്ടുണ്ട്. മാറ്റങ്ങൾ ആഗ്രഹിക്കുന്ന കൂട്ടരിൽ ഏറ്റവും പ്രധാനിയാണ് മലയാളികൾ. ബൗദ്ധികമായ മൂലധനത്തെ സംരക്ഷിക്കാൻ ഈ സാഹചര്യത്തിൽ ഒരാൾക്കും തന്നെ ഒരു ഉത്കണ്ഠയുമുണ്ടാകാറില്ല. നാടോടുമ്പോൾ നടുവെ ഓടണമെന്ന് പഴഞ്ചൊല്ലുകൾ പറയുമെങ്കിലും ആ ഓട്ടം നല്ലതിലേക്കായിരിക്കണം എന്ന ഓർമ്മ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

സമകാലത്ത് ഏവരിലും കണ്ടുവരുന്ന ഒരു മുഖ്യമായ ഘടകമാണ് ഭക്ഷണശീലം. രുചിയേറുമ്പോൾ ഗുണം കുറഞ്ഞേക്കാമെന്ന അർഥം വരുന്ന പ്രധാന സംഭവങ്ങൾ നമ്മുടെ ജീവിതത്തിലും പ്രകടമായിട്ടുണ്ടാകാം. കാരണം ഇന്നു നാം കഴിക്കുന്ന ഏതു ഭക്ഷണത്തിന്റേയും ഗുണം നാം ഒരിക്കലും ശ്രദ്ധിക്കാറില്ല. ഗുണത്തിന്റെ കാര്യത്തിലെ പാകപ്പിഴകളാണ് നമ്മുടെ ആരോഗ്യ ക്ഷയത്തിന്റെ കാരണം എന്ന വസ്തുത നാം ഓർ ക്കേണ്ടതുണ്ട്. മാറ്റം നല്ലതാണ്. എന്നാൽ ആ മാറ്റത്തോടൊപ്പം നാം കൂടെ കരുതേണ്ട മുഖ്യ വസ്തുതയാണ് നമ്മുടെ വിവേകം. എല്ലാ കാര്യത്തിലും നമ്മുടെ വിവേകത്തിന്റെ പ്രായോഗികത മുഖ്യമാണ്. അതു ഭക്ഷണരീതിയിലായാലും. അഴകുള്ള ചക്കയിൽ ചുളയില്ല എന്ന് വാർദ്ധക്യദാരം ചേരുന്ന നമ്മുടെ കാരണവൻമാർ പറഞ്ഞ് ഓതിത്തരാറുണ്ടെങ്കിലും ബുദ്ധിജീവിയായ മനുഷ്യൻ കമ്പ്യൂട്ടർ യുഗത്തിലും അത് പ്രാവർത്തികമാക്കുന്നില്ല.

ഭവനാന്തരീക്ഷത്തിൽ നിന്നും ബാഹ്യലോകത്തേക്കുള്ള സഞ്ചാരം ഏവരെയും ഇന്ന് ഒരു മാന്ത്രിക ലോകത്തേക്ക് നയിക്കുകയാണ് ചെയ്യുന്നത്.വീടിനുടുക്കളൽ വെച്ച് രുചിച്ചിരുന്ന പല വിഭവങ്ങളും ഇന്ന്തെങ്ങിൻ ചുവട്ടിൽ ഇതര ജീവികൾക്ക് ഭക്ഷണമാണ്.ഹോട്ടൽ ഭക്ഷണങ്ങളുടെ വശ്യതയിൽ നമ്മുടെ കണ്ണുകൾ മഞ്ഞളിച്ച് പോയിരിക്കുന്നു.അവയുടെ സൗന്ദര്യം നമ്മുടെ കണ്ണുകളെ അന്ധമാക്കിയിരിക്കുന്നു, അവയുടെ മാധുര്യം നമ്മുടെ വിവേകത്തെ നിശ്ചലമാക്കിയിരിക്കുന്നു.ലോകത്തിലെ വിവിധങ്ങളായ വിഭവങ്ങൾ നാം ആഗ്രഹിക്കുന്നവയ്ക്ക് ഒതുങ്ങിയവയാണ്,എന്നാൽ നമ്മുടെ അത്യാഗ്രഹത്തെ പേറാൻ ഭൂമാതാവിന് വിഭവങ്ങൾ പോരാതെ വരും.

കേരളീയ സംസ്കാരത്തെ ഒന്നടങ്കം മാറ്റി മറിക്കുന്നവയാണ് ഇന്നത്തെ കേരളീയ ഭക്ഷ്യ സംസ്കാരം.ഇത്തരം നാടുകളിലെ ഭക്ഷണ സ്വാധീനം നമ്മെ ഏറെ വശീകരിക്കുന്നു.പരിഷ്കാരങ്ങൾ തേടിപ്പോകുന്ന ആധുനിക കേരളീയ സമൂഹം വെല്ലുവിളിക്കുന്നത് ദൃഢതയാർന്ന യുവ ആരോഗ്യത്തെയാണ്. മനുഷ്യായുസ്സ് കുറയ്ക്കാൻ പോലും കാരണമായേക്കാവുന്ന ഫാസ്റ്റ്ഫുഡ് പോലുള്ളവ അനിയന്ത്രിതമായി കഴിക്കുന്നത് മൂലം

ശരീരത്തിന് വലിയ അസുഖങ്ങളും കഷ്ടതകളും നേരിടേണ്ടി വന്നേക്കാം.ഒരുതരത്തിൽ മദ്യപാനം പോലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം പോലെ വളരെ ദോഷകരമായേക്കാവുന്ന ഒരു കാര്യം കൂടിയാണ് അനിയന്ത്രിത ഫാസ്റ്റ്ഫുഡ്. ദൈവത്തിൻെറ സ്വന്തം നാടായ കേരളത്തിൻെറ തനത് സംസ്കാരങ്ങൾക്ക് ഇവ വിലങ്ങ്തടിയായിക്കൊണ്ടിരിക്കുന്നു.ഒരു നാടിൻെറ പുരോഗമനം എന്നു പറയുന്നത് വളർന്ന് വരുന്ന യുവതലമുറയാണ്,അവരുടെ ആരോഗ്യമാണ്.അവയെ അപ്പാടെ ക്ഷയിപ്പിക്കാൻ ഈ ഭക്ഷണ ശീലങ്ങൾക്കു സാധിക്കും

"കാലഹീനം പരിഗ്രസ്തമാം"

എന്ന് രാമായണത്തിൽ നമ്മുടെ ഭാഷാപിതാവ് എഴുത്തച്ഛൻ ഓർമിപ്പിച്ചത്

Swathi V

10a

കവിത

## ആരു ഞാനാകണം

ഹാ! കാണുന്നു ഞാനെന്റെ
ആന്തര ഹൃദയത്തിലൊരു
കൊച്ചു ശ്യാമ വസന്ത കാലം
മൺചുമരിൻ നെഞ്ചിലെ
കൽവിളക്കിന്റെയന്ത്യ നിശ്വാസം
പുകയും തളത്തിലും...
പാതിയിടിഞ്ഞ എൻ മനസ്സിന്റെ
ദർപ്പണം മൂടിയിരിക്കുന്നു നൊ-
മ്പരത്താൽ...
ആരു ഞാനാകണം എന്നമ്മ-
ചോദിക്കിലാരാകിലും നല്ലതെ-
ന്നുത്തരം.
ഉച്ചയ്ക്കു തീ വെയിൽകൊള്ളുന്ന പൂവിനെ
തൊട്ടു തലോടും തണുപ്പാവണം,എ-
ന്ന ഓർമ്മകൾ തന്റെപുസ്തകത്താ-
ളിലതോർക്കുന്നു ഞാനെന്നും വൈഷമ്യവും..
മാനവ ജീവിത സുന്ദര കാലമതാ-
പൂനിലാവിൽ കുളിച്ചെത്തിയ രജനിയും;
ഓർക്കുന്നു ഞാനെന്നും സ്മരിക്കു-
ന്നു ഞാനോരോ ചെറു സ്പന്ദനമുന-
യിലെ കൊച്ചു മലരു പോലെ...
അകലുന്നു സ്മരണകൾ ഏതോ
നിശ്വാസമെന്ന പോലെ അന്തരം-
ഗം കേണിടുന്നു എന്നിലും
ഓരോ തുടിപ്പിലും
തന്നിലെ വിശപ്പിൻ ക്ഷണികമാം -
ഉദ്ദീപനം തൻസഹപാടിയുണ്ടായി
പങ്കു വച്ചിരുന്നൊരാ കേണ പു-
ണ്യകാലമതോർക്കുന്നു ഹാ! മനോമുഖം
പുകയുന്ന കനലിന്റെ തിടുക്ക-
മാം ജ്വലനത്തിൽ മാഞ്ഞുപോ,
യ് അതെന്നുമായ് എന്നേക്കുമായ്...
മനസ്സിന്റെ നീറ്റലിൽ നിശ്വാസം
എന്നിലെ നാഡി അറുത്തുമാറ്റുപോൽ...

ഏതോ മനോൻമുഖ കാലമ-
തെന്നപോൽ ഞാൻ തീർത്ത-
താകുന്ന ആ മാന്ത്രിക
സ്മരണകൾ തൻ കൂമ്പാരം
ചലനമെനിക്ക് നിശ്ചലത
സ്മരണകൾ എൻെറ ഭവനം
ബാല്യമെനിക്കന്നും...സുഷു-
മ്നയ്ക്കം മന്ത്ര കോടിതൻ സ്ഫേടം.
ഭജിക്കുന്ന ഞാനശ്വര-
മായൊരാ കൊച്ചു ജീവിത-
ത്തിലൊന്നു കൂടി അതിക്ര-
മിച്ചു കടന്നു ചെല്ലുവാനായ്
ആരു ഞാനാകണം എന്നമ്മ
ചോദിക്കിലന്നുമിന്നുഞാൻ
പറഞ്ഞൊരു ബാല്യ കൗതുകം,
മണ്ണിൻെറ മണമുള്ള മനമാകണം

**Shivanand K B**
**10B**

കവിത

# അമ്മ

അമ്മയാണ് ദൈവം
തെറ്റുകൾ പൊറുക്കുമെന്നമ്മ
നല്ല വഴി ചൂണ്ടിക്കാണിച്ച തരുമെന്നമ്മ
നല്ല വഴിയെ പോകാൻ ഉപദേശിക്കുമെന്നമ്മ
നല്ലവളാണെന്നമ്മ പാവമാണെന്നമ്മ
ആഗ്രഹങ്ങൾ സാധിച്ച തരുന്നമ്മ
സ്നേഹത്തിൻെറ നിറകുടമാണ് അമ്മ
മനുഷത്വം ഉള്ളവളാണ്  അമ്മ
മുത്തുപോലെ തിളങ്ങുമെന്നമ്മ
സ്നേഹം പകർന്നു തരുന്നവളാണമ്മ
സ്നേഹിക്കും ദൈവമാണമ്മ
ഭക്ഷണം വാരിത്തരുമെന്നമ്മ
സങ്കടത്തിൽ നിന്ന്
കൈ പിടിച്ചുയർത്തുന്ന അമ്മ
സൂര്യനുദിക്കും മുൻപ്
എഴുന്നേൽക്കുന്ന അമ്മ
അറിയാമോ...കൂട്ടുകാരെ
അറിയാമോ...കൂട്ടുകാരെ
എന്നമ്മയെ അറിയാമൊ
അമ്മയുടെ മഹത്വം അറിയാമോ
അമ്മ ഞങ്ങൾക്കു സ്നേഹം പകരുന്ന പോലെ
അങ്ങോട്ടും സ്നേഹം വേണം
അമ്മ ഒരു ദൈവം അമ്മ ഒരു ദൈവം
അമ്മ ഒരു സ്നേഹകുടം

**Chinmayi baburaj**
**5B**

കവിത

# കാലം

ഇന്നലകളെ കടന്നു വരു എൻെറ
മനസ്സിൻെറ താളുകൾ പിൻവലിക്കാൻ
ഇന്നലെൻ ജീവിതം സ്വർഗ്ഗമായിതീർന്നെ
ങ്കിൽ,ഇന്നെൻ ജീവിത മോ നരക തുല്യം
മാവിൻെറ കൊമ്പത്ത് ഊഞ്ഞി പിടിച്ചതും
പാടത്ത് കൈയും പിടിച്ച് നടന്നതും
മിണ്ടാതെത്തിയ കാറ്റൊന്ന് തഴുകിയെൻ
മനസ്സിൻെറ വിള്ളൽ തട്ടുത്തു നിർത്തി
ഈ നാൽ ചുമരിൻെറഉള്ളിലാണിപ്പോഴെൻ
ലോകവും,ജീവിതവും,തറവാട്ട വീട്ടിൻെറ
അങ്കണ തട്ടിൽ ഞാൻ പിച്ചനടന്നു രസിച്ചതും
ഈ 10 സ്ക്വയർ ഫീറ്റിൽ ഞാനെന്തു ചെയ്യാനാ
കൈയ്യും കെട്ടിയിരിക്കാം പിന്നെ അക്കാലം ആലോചിക്കാം
ഇന്നത്തെ ജീവിതം വീടായി ജോലിയായി
അന്നൻെറ ലോകമോ പാടത്തുമായി
ഇന്നുഞാനറിയുന്നു ആ അറിയാതെ പോയ
പൊൻ ബാല്യ കാലം,എൻെറ സ്വർഗ്ഗകാലം
നന്നായി പടിച്ചു ഞാൻ നന്നായി വളർന്ന
ഞാൻ പ്രകൃതിക്ക് ഞാനൊരു വരമായി

Sravan Raj
10A

കവിത

# മറഞ്ഞ പൂവിതളുകൾ

രാവിൻ കിനാവിലൊരീമായ്
തെന്നലിൽ മടിത്തട്ടിലായിരുന്നെൻെറ ബാല്യം
ആരോ കുറിച്ചിട്ട വരികൾക്കീണമായ്
ഞൻ പാടിനടന്നതായിരുന്നെൻെറ ബാല്യം
പൂത്തുമ്പിയെയും പേറി നിലാവിൽ തഴുകുന്ന കാറ്റിൽ
ഒരനാഥനായ് ഞാൻ നടന്നനേരം
എന്നെയും പേറിയ കാലമാം കാറ്റിൻ
കുഞ്ഞൊഴുക്കിൽ പെട്ട് ഞാനിന്നിതീ വീഥിയിൽ
പൂമുഖ മുഖ മുറ്റത്ത് പൂവിതൾ തേടിഞാൻ
നടന്നകന്നതായിരുന്നെൻെറ ബാല്യം
അമ്പിളിമാമനെ കൈപ്പിടിയിലാക്കുവാൻ
നിലാവിൽ തക്കം പാർത്തിരുന്നതാണെൻെറ ബാല്യം
പൂരവും കൊട്ടും കൊടിയേറ്റവും കാണുവാൻ
വിങ്ങി വിതുമ്പി ഞാൻ വാശി പിടിച്ചതും
ഞാനറിഞ്ഞില്ല കാലമാം വാനിയിൽ
പുഞ്ചിരി തൂവുമെൻ ബാല്യം
എങ്ങോ നിലാവിൽ മറഞ്ഞുപോയ് .

**കീർത്തിരാജ്**

**9b**

## 2020 അന്താരാഷ്ട്ര സസ്യാരോഗ്യ വർഷം

ആനുകാലിക പ്രസക്തമായ വിഷയങ്ങൾക്ക് പ്രധാന്യം നൽകിക്കൊണ്ട് അന്താരാഷ്ട്ര വർഷം പ്രഖ്യാപിക്കുമ്പോൾ ഭാവി ജീവിതം ആരോഗ്യ പൂർണ്ണമാക്കുന്നതിനുള്ള ലക്ഷ്യം കൂടിയാണ് സാക്ഷാത്കരിക്കുന്നത്. സസ്യാരോഗ്യ വർഷം പ്രഖ്യാപിച്ചത് അത്തരമൊരു കാഴ്ചപ്പാട് മുൻനിർത്തിയാണ്. കഴിഞ്ഞ കാലങ്ങളിൽ ജൈവവൈവിധ്യത്തേയും പ്രത്യേക ജീവികളേയും പ്രാധാന്യത്തോടെ ചിന്തിപ്പിക്കുന്നതിന് ഐക്യരാഷ്ട്രസംഘടന മുൻതൂക്കം നൽകിയിട്ടുണ്ട്. എന്നാൽ 2020 സസ്യങ്ങളേയും അവയുടെ വൈവിധ്യമായ ഇനങ്ങൾക്കുമുള്ള പ്രാധാന്യത്തേയും ബോധ്യപ്പെടുത്തുന്നതോടൊപ്പം ജീവലോകത്തെ ഏറ്റവും വലിയ വിഭാഗമായ സസ്യങ്ങളുടെ ആരോഗ്യത്തെക്കുറിച്ചാണ് ചർച്ചയാവുന്നത്.ലോകത്തിൻെറ പല ഭാഗത്തും ശ്വാസകലവറയായ കാടുകൾ കാട്ടുതീയുടെ ഭീഷണിയിലാണ്.ആസ്ത്രേലിയയിൽ തുടരുന്ന ബുഷ്ഫെയകൾ സൃഷ്ടിച്ച ജീവനാശത്തിൻെറ തോത് അതിഭീമമാണ്. ആഗോളതാപനം അന്തരീക്ഷത്തിൽ സൃഷ്ടിക്കുന്ന ചെറിയ  മാറ്റങ്ങൾ പോലും സസ്യ ജീവിതത്തെ സാരമായും അവയുടെ തളിർ-പുഷ്പ കാലത്തെ പ്രതികൂലമായും ബാധിക്കുന്നതാണ്.ഭൂമിയിൽ ചിലയിടങ്ങളിൽ മാത്രം കാണുന്ന സസ്യവിഭാഗങ്ങൾ അതിജീവനത്തിനു വേണ്ടിയുള്ള അനുകൂലങ്ങൾ ചെറിയ തോതിലെങ്കിലും നടത്തി വരികയാണ്.വളരെ ദീർഘിച്ചതും എന്നാൽ സാവധാനത്തിൽ മാത്രം സംഭവിക്കുന്നതുമായ ഇത്തരം പരിണാമ പ്രവർത്തനങ്ങൾ വളരെ ചെറിയ കാലയളവിൽ നടത്താൻ  സാധിക്കാതെ വരുമ്പോൾ അവയുടെ വംശം ഭൂമിയിൽ നിന്നും അന്യംനിന്നു പോകാനുള്ള സാധ്യതയാണ് കൂടുതൽ!

അതുകൊണ്ട്,മാറിവരുന്ന കാലാവസ്ഥയിൽ സസ്യങ്ങളെ പരിചരിച്ചു മാത്രമേ സസ്യകുലത്തെ നിലനിർത്താൻ സാധിക്കു എന്ന ചിന്തയാണ് സസ്യാരോഗ്യവർഷത്തിൻെറ കാതലായി മാറുന്നത്

Anandan pekkadam
Teacher GHSS Balla East

# നന്ദി